"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യിലെ പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും 10-ാം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.181/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/08/2021

---

പരാമർശം:-

1. സ.ഉ(കൈ)നം.56/96/എൽ.എ.ഡി തീയ്യതി 06/03/1996
2. സ.ഉ (അച്ചടി)നം. 468/2013/ധന തീയ്യതി 12/09/2013
3. സ.ഉ (അച്ചടി) നം. 9/2016/ധന തീയ്യതി 20/01/2016
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 21/12/2019 -ലെ എ 1/226/2016/ട്രിഡ നമ്പർ കത്ത്
5. സ.ഉ.(കൈ)നം.10/2021/എൽ.എസ്.ജി.ഡി തീയ്യതി 19.01.2021

<u>ഉത്തരവ്</u>

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും പരാമർശം 3 പ്രകാരമുള്ള പത്താം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച നല്കണമെന്ന തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ പരാമർശം 4-ലെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ട്രിഡയിലെ ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണം ബാധകമാക്കികൊണ്ട് പരാമർശം 5 പ്രകാരം ഉത്തരവായി.

2) തിരുവനന്തപുരം വികസന അതോറിറ്റിയിലെ പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും പരാമർശം 3 പ്രകാരമുള്ള പത്താം പെൻഷൻ പരിഷ്കരണം ബാധകമാക്കുന്നത് സംബന്ധിച്ച കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന വ്യവസ്ഥകളോടെ ട്രിഡയിലെ പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും പരാമർശം 3 പ്രകാരമുള്ള 10-ാം ശമ്പള പരിഷ്കരണം ബാധകമാക്കി ഉത്തരവാകുന്നു.

i) പെൻഷൻ പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ തിരുവനന്തപുരം ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ii) പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ ട്രിഡയിൽ നിന്നും

വിരമിച്ച ജീവനക്കാർക്ക് 01/07/2014 മുതൽ നടപ്പിലാക്കേണ്ടതും സാമ്പത്തിക ആനുകൂല്യം 01/04/2021 മുതൽ അനുവദിക്കേണ്ടതുമാണ്.

iii) 01/07/2014 മുതൽ 01/04/2021 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക 4 തുല്യ ഗഡുക്കളായി 09/2021, 10/2021, 05/2022, 10/2022-ൽ വിതരണം ചെയ്യേണ്ടതാണ്.

iv) അതാത് കാലത്തെ ശമ്പള പരിഷ്കരണത്തിനോടൊപ്പം പ്രത്യേക സർക്കാർ ഉത്തരവില്ലാതെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കാൻ പരാമർശം 1-ലെ വ്യവസ്ഥകൾ ട്രിഡയെ അനുവദിക്കുന്നില്ല. ഇനി മുതൽ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ പരാമർശം 2-ൽ പരാമർശിക്കുന്ന രേഖകളോടൊപ്പം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ വരുന്ന സാമ്പത്തിക ബാദ്ധ്യതകളും, ടി ചിലവുകൾ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവ സഹിതം വ്യക്തമായ ശിപാർശ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

v) തിരുവനന്തപുരം ഡെവലപ്പ്മെൻറ് അതോറിറ്റിയുടെ 2011-12, 2012-13 എന്നീ വർഷങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ട്രിഡയിൽ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല എന്ന് വ്യക്തമാണ്. ആയതിനാൽ പരാമർശം 1 പ്രകാരം പെൻഷൻ ബെനഫിറ്റ് ഫണ്ട് തിരുവനന്തപുരം ട്രഷറി അല്ലെങ്കിൽ സബ് ട്രഷറിയിൽ സൂക്ഷിക്കുന്നുണ്ടെന്നും, ടി ഫണ്ട് വകമാറ്റി ചിലവഴിക്കുന്നില്ല എന്നും ട്രിഡ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ), കേരളം , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി &എസ്.എസ്.എ),കേരളം , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പൊതുഭരണ (എസ്.സി ) വകുപ്പ്

ധനകാര്യ വകുപ്പ് (UO No.DEV-1/185/2016-FIN dated 26/02/2021)

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-08-2021

ഫയൽ നം. തസ്വഭവ-ഐ.എ.4/132/2016-തസ്വഭവ. ഇനം നം: 143

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി യിലെ (ട്രിഡ) പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും പത്താം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ-ഐഎ 4/132/2016-തസ്വഭവ. |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | തസ്വഭവ- തിരുവനന്തപുരം വികസന അതോറിറ്റിയിലെ(ട്രിഡ) പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും പത്താം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/06/2021 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/07/2021 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/07/2021 |
| 12 | കരട്കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/07/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/07/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 04/08/2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | സ.ഉ(കൈ)നം.181/2021/തസ്വഭവ തീയതി 17/08/2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)യിലെ പെൻഷൻകാർക്കും കുടുംബപെൻഷൻകാർക്കും 20/01/2016-ലെ G.O.(P)No.9/2016/Fin പ്രകാരമുള്ള 10-ാം പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ട്രിഡയിലെ ജീവനക്കാർക്ക് 10-ാം ശമ്പള പരിഷ്കരണം ബാധകമാക്കികൊണ്ട് സ.ഉ.(എം.എസ്)നം. 10/2021/എൽ.എസ്.ജി.ഡി തീയതി 19.01.2021 പ്രകാരം ഉത്തരവായി. ട്രിഡ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ട്രിഡയിൽ 22 പെൻഷൻകാരും 6 കുടുംബ പെൻഷൻകാരുമാണുള്ളത് (06/2019-വരെ). ഇവർക്ക് എല്ലാവർക്കുമായി പ്രതിമാസം 3,57,311/- (മൂന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി മുന്നൂറ്റി പതിനൊന്ന് രൂപ മാത്രം) രൂപയാണ് പെൻഷൻ ഇനത്തിൽ ട്രിഡ ചെലവഴിക്കുന്നത്. ടി തുക ട്രിഡയുടെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. പരിഷ്കരണം ബാധകമാക്കുമ്പോഴുണ്ടാകുന്ന അധികബാധ്യത പ്രതിമാസം 60,000/- (അറുപതിനായിരം രൂപ മാത്രം) രൂപയോളമാണ്.

3) മേൽ പെൻഷൻ പരിഷ്കരണം സംബന്ധിച്ച ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*a) പെൻഷൻ പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ തിരുവനന്തപുരം ഡെവലപ്പ്മെന്റ് അതോറിറ്റി [TRIDA] -യുടെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തണമെന്ന വ്യവസ്ഥയോടെ 20/01/2016 ലെ സ.ഉ.(പി)നം.9/2016/ധന. പ്രകാരം അനുവദിച്ച പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ ട്രിഡയിൽ നിന്നും വിരമിച്ച ജീവനക്കാർക്കു കൂടി 01/07/2014 മുതൽ നടപ്പിലാക്കാവുന്നതാണ് എന്നും സാമ്പത്തിക ആനുകൂല്യം 01/04/2021 മുതൽ അനുവദിക്കാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു. 01/07/2014 മുതൽ 01/04/2021 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക 4 തുല്യ ഗഡുക്കളായി 5/2021, 10/2021, 5/2022, 10/2022-ൽ വിതരണം ചെയ്യേണ്ടതാണ്.*

*b) അതാത് കാലത്തെ ശമ്പള പരിഷ്കരണത്തിനോടൊപ്പം പ്രത്യേക സർക്കാർ ഉത്തരവില്ലാതെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കാൻ 6/3/1996 ലെ ജി.ഒ.(എം.എസ്) നം. 56/96/എൽ.എ.ഡി എന്ന ഉത്തരവിലെ വ്യവസ്ഥകൾ ട്രിഡയെ അനുവദിക്കുന്നില്ല. ഇനി മുതൽ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ 12/09/2013-ലെ സ.ഉ [അ] 468/2013/ധന*

ഉത്തരവിൽ പരാമർശിക്കുന്ന രേഖകളോടൊപ്പം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ വരുന്ന സാമ്പത്തിക ബാദ്ധ്യതകളും, ടി ചിലവുകൾ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്നിവ സഹിതം വകുപ്പ് മന്ത്രി തലത്തിൽ വ്യക്തമായ ശിപാർശ സഹിതം ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

c) തിരുവനന്തപുരം ഡെവലപ്പ്മെൻറ് അതോറിറ്റി [TRIDA] -യുടെ 2011-12, 2012-13 എന്നീ വർഷങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ട്രിഡയിൽ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല എന്ന് വ്യക്തമാണ്. ഭരണ വകുപ്പ് പ്രസ്തുത വിഷയം പരിശോധിക്കേണ്ടതും 6/3/1996 ലെ ജി.ഒ.(എം.എസ്) നം. 56/96/എൽ.എ.ഡി. പ്രകാരം പെൻഷൻ ബെനഫിറ്റ് ഫണ്ട് തിരുവനന്തപുരം ട്രഷറി അല്ലെങ്കിൽ സബ് ട്രഷറിയിൽ സൂക്ഷിക്കുന്നുണ്ടെന്നും, ടി ഫണ്ട് വകമാറ്റി ചിലവഴിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

4) തുടർന്ന് ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

20/01/2016 ലെ സ.ഉ.(പി)നം.9/2016/ധന. പ്രകാരം അനുവദിച്ച പത്താം പെൻഷൻ റിവിഷൻ ആനുകൂല്യങ്ങൾ ട്രിഡയിൽ നിന്നും വിരമിച്ച ജീവനക്കാർക്കു കൂടി ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധനകൾക്ക് വിധേയമായി 01/07/2014 മുതൽ നടപ്പിലാക്കാമോ?